കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്മശാന നിർമ്മാണം - അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന് അധിക ധനസഹായം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2985/13/തസ്വഭവ          തിരുവനന്തപുരം, തീയതി:04.12.2013.

പരാമർശം: 1) 27.09.2013-ലെ സ.ഉ (സാധാ)നം.2393/13/തസ്വഭവ നമ്പർ ഉത്തരവ്.
2) 11.11.2013-ലെ സ.ഉ (സാധാ)നം.2767/13/തസ്വഭവ.
3) പഞ്ചായത്ത് ഡയറക്ടറുടെ 17.07.2013-ലെ ജെ5-24852/13 നമ്പർ കത്ത്

## ഉത്തരവ്

2013-14 വർഷം പൊതുശ്മശാന നിർമ്മാണത്തിനായി 2515-00-198-36 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 550 ലക്ഷം രൂപ പരാമർശം ഒന്ന് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട 52 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിൽ പൊതുശ്മശാന നിർമ്മാണത്തിന് 44 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുശ്മശാന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിന് സൂചന (2) ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ മുന്നോട്ട് വരാത്ത പക്ഷം പഞ്ചായത്ത് വകുപ്പിൽ ലഭ്യമായ തുകയിൽ നിന്നും അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന് അധിക ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വത്സല
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

(. . . . 2)

ധനകാര്യ  വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Irshad MS

സെക്ഷൻ ഓഫീസർ